# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം - 2

## 2017 ആഗസ്റ്റ് 17

**നമ്പർ** : 324

<u>മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നോട്ടീസ് നൽകിയ താഴെപ്പറയുന്ന പ്രമേയത്തന് അവതരണാനുമതി നൽകിയിരിക്കുന്നു.</u>

2002 ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററെസ്റ്റ് ആക്ടിന്റെ 31 – ാം വകുപ്പിന്റെ (ഐ) ഖണ്ഡപ്രകാരം, പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ഒരു കൃഷി ഭൂമി സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും ;

സമാനമായി 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതക്ക് പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാക്കുന്നത് ലക്ഷക്കണക്കിന് നിർദ്ധന കുടുംബങ്ങളെ ദുരിതത്തിലേക്കു തള്ളിവിടും എന്നതിനാലും ;

5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റി യായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതക്ക് 2002 ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററെസ്റ്റ് ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, പ്രസ്തുത ആക്ടിന്റെ 31–ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് ഈ സഭ ഇതിനാൽ അഭ്യർത്ഥിക്കുന്നു.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.